പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5825 | 02.07.2019 ൽ മറുപടിയ്ക്ക്

**മണലൂർ ഐ.ടി.ഐ.യുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ**

*ചോദ്യം*

ശ്രീ.മുരളി പെരുനെല്ലി :

*ഉത്തരം*

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| **(എ)** മണലൂർ ഐ.ടി.ഐ.യുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് നടന്നുവരുന്ന പ്രവൃത്തികൾ എന്തൊക്കെയാണ്; | | **(എ)** മണലൂർ ഐ.ടി.ഐയ്ക്കായി മൂന്ന് നിലയുള്ള കെട്ടിടമാണ് നിർമ്മിക്കാനുദ്ദേശിക്കുന്നത്. ഇതിൽ ആദ്യഘട്ടമായി അനുവദിച്ച 1.3 കോടി (ഒരു കോടി മുപ്പത് ലക്ഷം) രൂപ ഉപയോഗിച്ച് മെക്കാനിക് മോട്ടോർ വെഹിക്കിൾ ട്രേഡ് വർക്ക്ഷോപ്പ്, വെഹിക്കിൾ ഗ്യാരേജ്, സ്റ്റോർ റൂം എന്നിവയുടെ നിർമ്മാണം ഗ്രൗണ്ട് ഫ്ലോറിലും ഓഫീസ് റൂം, പ്രിൻസിപ്പാൾ റൂം, സ്റ്റാഫ് റൂം, രണ്ട് ക്ലാസ് മുറികൾ, ലൈബ്രറി റൂം എന്നിവയുടെ നിർമ്മാണം ഒന്നാം നിലയിലും പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ഒന്നാം നിലയിലെ റൂമുകളുടെ ഫിനിഷിംഗ് വർക്കും, രണ്ടാംനിലയുടെ നിർമ്മാണവുമാണ് ഇതിനായി അനുവദിച്ച 1.1 കോടി (ഒരു കോടി പത്തു ലക്ഷം) രൂപ കൊണ്ട് നിർവ്വഹിക്കുന്നത്. |
| **(ബി)** മണലൂർ ഐ.ടി.ഐ.യ്ക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് സ്ഥല പരിമിതിയുള്ള കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br><br>(സി) സമീപത്തു നിന്നും ഭൂമി വാങ്ങി മണലൂർ ഐ.ടി.ഐ.യോട് ചേർക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ? | | **(ബി) യും (സി) യും** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; മണലൂർ ഐ.ടി.ഐയോട് ചേർന്ന് കിടക്കുന്ന ഭൂമി, മണലൂർ ഗ്രാമപഞ്ചായത്ത് വാങ്ങി വ്യാവസായിക പരിശീലന വകുപ്പിന് ലഭ്യമാക്കിയാൽ ആയത് വകുപ്പ് ഏറ്റെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ